ഉത്തരം

(എ) ഡെയിലി വേജസ് അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി നേരിട്ട് നിയമനം നടത്താറില്ല. എന്നാൽ മുൻകാലങ്ങളിൽ സി.എൽ.ആർ. വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ഏതാനും ജീവനക്കാർ ആ തസ്തികയിൽ തുടരുന്നുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ കോൺട്രാക്ടർ മുഖേന ഏർപ്പാടാക്കിയ 325 ഓപ്പറേറ്റർ മാരും 168 വാൽവ് കൺട്രോളർമാരും ജോലി ചെയ്തുവരുന്നു.

(ബി) ഓപ്പറേറ്റർമാർക്ക് പ്രതിദിനം 135 രൂപയും വാൽവ് കൺട്രോളർമാർക്ക് 110 രൂപയും പ്രതിദിന വേതനമായി നൽകിവരുന്നു.

(സി) സി.എൽ.ആർ. അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഒരാൾക്ക് അയാളുടെ പേരിൽത്തന്നെയാണ് വേതനം നൽകുന്നത്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ മറ്റ് ഓഫീസുകളിൽ എംപ്ലോയ്മെന്റ് മുഖേന വന്ന് ജോലി ചെയ്യുന്നവർക്ക് അവരവരുടെ പേരിൽത്തന്നെ വേതനം എഴുതിവാങ്ങി നൽകുന്നു. കരാറുകാർ മുഖേന ഏർപ്പാടാക്കുന്ന തൊഴിലാളികൾക്ക് കരാറുകാരുടെ പേരിലാണ് വേതനം നൽകുന്നത്.

(ഇ) പ്രസ്തുത ഓഫീസുകളിൽ ഇത്തരം ജോലി ചെയ്യുന്നവർക്ക് വാട്ടർ അതോറിറ്റി നേരിട്ട് നിയമനം നടത്തുന്ന സാഹചര്യത്തിൽ വേതനം അവരുടെ പേരിൽത്തന്നെ നൽകിവരുന്നു. എന്നാൽ കോൺട്രാക്ടർ മുഖേന തൊഴിലാളികളെ നിയമിക്കുമ്പോൾ കരാറുകാരന്റെ പേരിലാണ് തുക നൽകിവരുന്നത്.

(എഫ്) ഓരോ പമ്പ്ഹൗസിലും പ്ലാന്റിലും അംഗീകരിച്ച ഷിഫ്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ രജിസ്റ്ററിൽ സി.എൽ.ആർ. ആയാണ് കോൺട്രാക്ടർമാർ മുഖേന ആളെ നിയോഗിക്കുന്നത്. ഓരോ പമ്പ് ഹൗസിലും ഷിഫ്ടിന്റെ എണ്ണവും ഓപ്പറേറ്റർമാരുടെ എണ്ണവും നിശ്ചിതമായതിനാൽ കൂടുതൽ വേതനം എഴുതി വാങ്ങുവാൻ സാദ്ധ്യത ഇല്ല.

(ജി) കേരള വാട്ടർ അതോറിറ്റിയിൽ ഇന്റേണൽ ആഡിറ്റിംഗും എ.ജി.-യുടെ റസിഡന്റ് ആഡിറ്റ് വിംഗും ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനാൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രത്യേക അന്വേഷണം ആവശ്യമുള്ളതായി കരുതുന്നില്ല.

(എച്ച്) കോൺട്രാക്ടർമാർ നിയമിക്കുന്ന തൊഴിലാളികൾക്ക് വാട്ടർ അതോറിറ്റി നേരിട്ട് വേതനം നൽകുന്നത് നിയമം അനുശാസിക്കുന്നില്ല.

2001-ലെ വനം ഓർഡിനൻസിലൂടെ ഏറ്റെടുത്ത ഭൂമി

90 [2700] ശ്രീ. എം. വി. ജയരാജൻ:
,, കെ. കെ. ജയചന്ദ്രൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ലെ വനം ഓർഡിനൻസിലൂടെ അന്യാധീനപ്പെട്ട വനഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ വനഭൂമിയാണ് ഓർഡിനൻസിലൂടെ ഏറ്റെടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004 ഏപ്രിലിൽ നിയമസഭ പാസ്സാക്കിയ കേരള വനം ബില്ലിലെ അപാകത കാരണം സർക്കാർ ഏറ്റെടുത്ത വനഭൂമി സർക്കാരിന് നഷ്ടപ്പെടാനിടയാകുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിന്റെ ഫലമായി അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ള വനഭൂമി കൈവശക്കാർക്ക് തിരിച്ചുനൽകേണ്ടിവരും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ എത്ര ഏക്കർ ഭൂമി ഇപ്പോഴും സർക്കാരിന്റെ കൈവശമുണ്ടെന്ന് പറയാമോ?

ഉത്തരം

(എ) 2001-ലെ വനം ഓർഡിനൻസിലൂടെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ 27272.43 ഏക്കർ വനഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി, സി) 2004-ലെ ബില്ലിൽ അപാകതകളൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. ബില്ലിൽ ഉൾപ്പെട്ടിട്ടുള്ള വകുപ്പുകൾക്ക് വിരുദ്ധമായി നേരത്തെ എടുത്തിട്ടുള്ള സ്ഥലങ്ങൾ അതാതു ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കേണ്ടിവരും.

(ഡി) 27272.43 ഏക്കർ വനഭൂമി ഇപ്പോഴും സർക്കാരിന്റെ കൈവശമുണ്ട്.

കട്ടച്ചിറ–കുടപ്പന–തണ്ണിത്തോട് റോഡ് നിർമ്മാണം

91 [2701] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടച്ചിറ–കുടപ്പന–തണ്ണിത്തോട് റോഡ് ഏതൊക്കെ ഘട്ടത്തിൽ എത്ര ഫണ്ട് ഉപയോഗിച്ചാണ് വനംവകുപ്പ് നിർമ്മിച്ചിട്ടുള്ളത്;

(ബി) എത്ര കുടുംബങ്ങളാണ് ഈ റോഡ് ഉപയോഗിക്കുന്നത്;

(സി) രണ്ട് പഞ്ചായത്തുകളേയും രണ്ട് താലൂക്കുകളേയും രണ്ട് നിയോജക മണ്ഡലങ്ങളേയും കൂട്ടിമുട്ടിക്കുന്ന, ഈ തകർന്നുകിടക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കാൻ നബാർഡ് ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം വിശദീകരിക്കാമോ;

(ഡി) ഫണ്ട് ലഭിക്കാൻ വനംവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കട്ടച്ചിറ–കുടപ്പന–തണ്ണിത്തോട് റോഡിന്റെ പുനർനിർമ്മാണം 1999–2000 വർഷത്തിൽ 19.33 ലക്ഷം രൂപ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്.

(ബി) കട്ടച്ചിറ–കുടപ്പന എന്നീ പ്രദേശങ്ങളിലെ 300 കുടുംബങ്ങൾക്ക് നേരിട്ടും മേക്കണ്ണം, ഉരുളിക്കല്ല്, പാമ്പിനി, തണ്ണിത്തോട് എന്നീ പ്രദേശങ്ങളിലെ ഏതാണ്ട് 2500 കുടുംബങ്ങൾക്കും ഈ റോഡ് ഉപകാരപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly